നിരോധനത്തിന്റെ ഗുണഫലം സുസ്ഥിരമായി നിലനിർത്തുന്നതിന് നിരോധന കാലയളവ് കൂട്ടുക മാത്രമാണ് കരണീയമായിട്ടുള്ളത് എന്ന് കമ്മിറ്റി കണ്ടെത്തുകയുണ്ടായി.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ശാസ്ത്ര സാങ്കേതിക വകുപ്പിനുകീഴിൽ ഗ്രാമീണ കാർഷിക തൊഴിൽ പ്രവൃത്തി പരിചയ പരിപാടി**

6 (*576) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സയൻസ് ആന്റ് ടെക്നോളജി വകുപ്പിനുകീഴിൽ ഗ്രാമീണ കാർഷിക തൊഴിൽ പ്രവൃത്തിപരിചയ പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പരിപാടിയുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം മേഖലകൾക്കാണ് ഇതിന്റെ ഗുണങ്ങൾ ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഉണ്ട്. ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാന സർക്കാരിന്റെ കൃഷി വകുപ്പുമായി സഹകരിച്ച് 'അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി' (ATMA) പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന ഗ്രാമീണ കർഷകർക്ക് സസ്യപ്രജനന പരിപാലന രീതികളിൽ പ്രവൃത്തി പരിചയം നൽകിവരുന്നു. കമ്മ്യൂണിറ്റി അഗ്രോ ബയോടെക് റിസോഴ്സ് സെന്റർ (CARC) മുഖേന കൃഷിയുമായി ബന്ധപ്പെട്ട ചെറുകിട ബയോ ടെക്നോളജി പരിശീലന പരിപാടികൾ ചെയ്തു വരുന്നുണ്ട്.

(ബി) കർഷകർക്ക് ചെടികളുടെ വിവിധ പ്രജനന രീതികൾ പഠിക്കാനുള്ള അവസരവും കൃഷി രീതികളിൽ ബയോടെക്നോളജിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുമുള്ള അവസരവുമാണ് ഒരുക്കുന്നത്. ഇതിലൂടെ ഗ്രാമീണ ജനതയുടെ സാമൂഹിക സാമ്പത്തിക വികസനമാണ് ലക്ഷ്യമാക്കി യിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള സർക്കാരിന്റെ കൃഷി വകുപ്പിൻകീഴിലുള്ള 'ATMA' സെന്ററുകൾ, CARC എന്നിവ ടി പരിപാടിയുമായി സഹകരിക്കുന്നു.

(ഡി) ഗ്രാമീണ കർഷകർക്ക് ശാസ്ത്രീയമായ സസ്യപ്രജനനവും പരിപാലനവും മനസ്സിലാക്കുവാൻ സാധിക്കുന്നു. ഗ്രാമീണ കൃഷി രീതികളിലും ബയോടെക്നോളജിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

**ദേശീയ വനനയപ്രകാരം വൃക്ഷവിന്യാസം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി**

7 (*577) ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1988-ലെ 'ദേശീയ വനം നയം' അനുശാസിക്കുന്ന പ്രകാരം വൃക്ഷ വിന്യാസം വർദ്ധിപ്പിക്കുന്നതിനുതകുന്ന എന്തെല്ലാം കർമ്മപരിപാടികളാണ് നടപ്പിലാക്കിവരുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(ബി) തദ്ദേശവാസികളുടെ സഹകരണത്തോടെ തേക്ക്, ചന്ദനം, മഹാഗണി എന്നീ വൃക്ഷത്തൈകൾ സ്വന്തം ഭൂമിയിൽ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകിവരുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(സി) നിലവിൽ സർക്കാർ നൽകിവരുന്ന പ്രതിഫല തുകയിൽ വർദ്ധനവ് വരുത്തി പ്രസ്തുത പദ്ധതി വൻവിജയമാക്കിത്തീർക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വനമേഖലയ്ക്ക് പുറത്ത് വ്യാപകമായി മരങ്ങൾ നട്ടുപിടിപ്പിക്കേണ്ടതിന്റെയും തുടർപരിപാലനത്തിന്റെയും ആവശ്യകത കണക്കിലെടുത്ത് ജനങ്ങളുടെയും സ്കൂൾ വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്ന കർമ്മപരിപാടികൾ നടപ്പാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) 1988-ലെ 'ദേശീയ വനം നയം' അനുശാസിക്കുന്ന പ്രകാരം വൃക്ഷവിന്യാസം വർദ്ധിപ്പിക്കുന്നതിനുതകുന്ന കർമ്മ പരിപാടികൾ ചുവടെ ചേർക്കുന്നു :

1. ഹരിതകേരളം പദ്ധതിയിലൂടെ എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതികൾ

2. 2014 ജൂൺ മുതൽ നടപ്പിലാക്കിവരുന്ന ഹരിതശ്രീ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly